പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:915

02.12.15 ൽ മറുപടിക്ക്

## ചെറുതുരുത്തി തടയണയുടെ പൂർത്തീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ചേലക്കര മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നിർമ്മാണം പൂർത്തിയാക്കേണ്ട തടയണകളുടെ പദ്ധതിയിൽ പ്രസ്തുത തടയണയുടെ നിർമ്മാണം പൂർത്തിയാക്കുന്നതു കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) തൃശ്ശൂർ,പാലക്കാട് ജില്ലകളിലെ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമാണെന്ന് പഠനം നടത്തിയിട്ടുള്ള ചെറുതുരുത്തി തടയണ നിർമ്മാണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) ചെറുതുരുത്തി തടയണയുടെ ബാക്കി വരുന്ന പണികളുടെ 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ്, തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ.എം.എഫ്-ൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ